LIBRARY ARCHIVES Kerala Legislative Assembly

വെള്ളക്കരം

192(5639) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നശേഷം വെള്ളക്കരം എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നശേഷം 10-2-2021-ലെ സർക്കാർ ഉത്തരവ് G.O.(Ms)No.9/2021/WRD പ്രകാരം നിലവിലുള്ള വാട്ടർ ചാർജിനോടൊപ്പം 5% വർദ്ധനവ് 1-4-2021 മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.

(ബി) ഓരോ സ്ലാബിന്റെയും നിലവിലുണ്ടായിരുന്ന നിരക്കും വർദ്ധിപ്പിച്ച നിരക്കും സംബന്ധിച്ച വിശദാംശം നൽകുമോ?

ഓരോ സ്ലാബിന്റെയും നിലവിലുണ്ടായിരുന്ന നിരക്കും വർദ്ധിപ്പിച്ച നിരക്കും അനുബന്ധമായി ചേർക്കുന്നു.*

ഷെഡ്യൂൾ റേറ്റ് ഏകീകരിക്കുവാൻ നടപടി

193(5640) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെയും പൊതുമരാമത്ത് വകുപ്പിന്റെയും ഷെഡ്യൂൾ റേറ്റ് തമ്മിൽ വ്യത്യാസമുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പും ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് (DSR 2016) ആണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനുവേണ്ടി ഉപയോഗിച്ചുവരുന്നത്.

(ബി) പൊതുമരാമത്ത് റോഡിൽ കട്ടിംഗിനും മറ്റ് പ്രവൃത്തികൾക്കും അനുവാദം എടുക്കുമ്പോൾ ഈ റേറ്റ് വ്യത്യാസം ഒരു സാങ്കേതിക പ്രശ്നമായി മാറുന്നുണ്ടോയെന്ന് അറിയിക്കുമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി)എങ്കിൽ പ്രസ്തുത റേറ്റ് ഏകീകരിച്ച് കാലങ്ങളായുള്ള തർക്കത്തിന് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(ബി&സി) റോഡ് കട്ടിംഗിന് അനുവാദം എടുക്കുമ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ നിരക്കുകൾ തന്നെയാണ് കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് കണക്കാക്കുന്നതിനായി ഉപയോഗിച്ചുവരുന്നത്. ഇക്കാര്യത്തിൽ കേരള വാട്ടർ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പും തമ്മിൽ നിലവിൽ തർക്കങ്ങളൊന്നുമില്ല.

ചെറുതാഴം-കുഞ്ഞിമംഗലം കുടിവെള്ള പദ്ധതി

194(5641) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ചെറുതാഴം, കുഞ്ഞിമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതിക്ക് കിഫ്ബിയിൽനിന്നും എത്ര രൂപയുടെ ധനകാര്യ അനുമതിയാണ് ലഭിച്ചതെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ചെറുതാഴം, കുഞ്ഞിമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതിക്ക് കിഫ്ബിയിലുൾപ്പെടുത്തി 5689 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിക്ക് ടെണ്ടർ സേവിംഗ്സ് ഉൾപ്പെടെ എത്ര രൂപ ബാക്കിയുണ്ട് എന്ന് അറിയിക്കുമോ?

പ്രസ്തുത പദ്ധതിക്ക് ടെണ്ടർ സേവിംഗ്സ് 459.34 ലക്ഷം രൂപയാണ്.

(സി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ ഭൂരിഭാഗം ഗ്രാമീണ റോഡുകളും പൈപ്പ് ഇടുതിനാൽ തകർന്നുകിടക്കുന്നത് പരിഗണിച്ച് ബാക്കിയുള്ള തുക ഉപയോഗിച്ച് തകർന്നുകിടക്കുന്ന റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് റോഡ് പുനർനിർമ്മാണ പ്രവൃത്തികൾകൂടി പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് കിഫ്ബിയിൽനിന്നും അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

കിഫ്ബി പദ്ധതികളുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുമ്പോൾ തകരുന്ന റോഡുകളുടെ പുനരുദ്ധാരണം കൂടി ഉൾപ്പെടുത്തിയാണ് ദർഘാസ് ക്ഷണിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly